## പാഠം 3

# ശബ്ബത്ത്: സ്വാതന്ത്ര്യത്തിന്റെ ഒരു ദിവസം

**വായിക്കുക:** പുറപ്പാട് 16:16–18; 20:8–11; ആവർത്തനം 5:12–15; മത്തായി 12:9–13; ലേവ്യർ 25:1–17.

**മനഃപാഠവാക്യം:** "പിന്നെ യേശു അവരോടു: മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല; ശബ്ബത്തു മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്" (മർക്കൊ. 2:27).

ദൈവം ശബ്ബത്തിനെ സൃഷ്ടിവാരത്തിന്റെ അന്തിമ നടപടിയായി നൽകി. എഴാം ദിവസം ദൈവം, വിശ്രമിക്കുക മാത്രമല്ല, ലോകം ആയിരിക്കേണ്ട വിധം അതിന്റെ ഒരു അനിവാര്യഭാഗമായി വിശ്രമത്തെ ഉളവാക്കുകയും ചെയ്തു. ദൈവത്തോടും പരസ്പരവും നമ്മൾ എങ്ങനെ ഇടപെടണം എന്നു പ്രകടമാക്കുന്നതായിരുന്നു ശബ്ബത്ത്.

ദൈവത്തിന്റെ ജനത്തിനായുള്ള ദൈവപദ്ധതിയുടെ ഒരു കല്പനയായി ശബ്ബത്ത് കാണപ്പെടുന്നതിൽ അതിശയമില്ല. ഇസ്രായേൽദേശത്തിന്റെ സ്ഥാപനത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ വീണ്ടും അതു പ്രത്യക്ഷമായി. എബ്രായരുടെ ജീവിതത്തിൽ അതിനു മുഖ്യമായ പങ്കുണ്ടാകണമായിരുന്നു.

ശബ്ബത്തിനെക്കുറിച്ചു പറയുമ്പോൾ പലപ്പോഴും അതിനെ എങ്ങനെ ആചരിക്കണം എന്നതിലേക്കു സംഭാഷണം വഴുതിപ്പോകും - നമ്മൾ ചെയ്യരുതാത്ത കാര്യങ്ങൾ എന്തൊക്കെയാണു എന്നതുപോലെ പലതും. ഇത്തരം ചോദ്യങ്ങൾ എത്ര പ്രധാനം ആയിരുന്നാലും, ലോകത്തിലും ദൈവജനത്തിന്റെ ജീവിതങ്ങളിലും ദൈവത്തിന്റെ കൃപയുടെയും കരുതലിന്റെയും സാദൃശ്യം എന്നവിധം അതിനുള്ള സുപ്രധാന പങ്കു നാം മനസ്സിലാക്കേണ്ടതുണ്ട്.

യേശു പറഞ്ഞതുപോലെ ഏഴാം ദിന ശബ്ബത്ത് സകല മനുഷ്യവർഗ്ഗത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. നാം വാസ്തവമായി "ശബ്ബത്ത് നാളിനെ ഓർമ്മിക്കുമ്പോൾ" അതു നമ്മുടെ ജീവിതങ്ങളിൽ ആഴ്ചയിലെ ഓരോ ദിവസവും മാറ്റങ്ങൾ വരുത്തും. അതോടൊപ്പം, യേശു കാണിച്ചതുപോലെ, ശബ്ബത്ത് മറ്റുള്ളവർക്കും അനുഗ്രഹത്തിന്റെ മാർഗ്ഗം ആകും.

**ഞായർ** **ജൂലൈ 14**

### വേണ്ടത്ര മന്ന

ദൈവജനത്തിന്റെ തലമുറകളായുള്ള അടിമത്തത്തിനും പീഡിതരിൽ അതു ഉളവാക്കിയ സാമൂഹിക അധഃപതനത്തിനും ശേഷം, പുതുതായി വിടു

വിക്കപ്പെട്ട ഇസ്രായേല്യരുടെ ഉന്നമനത്തിനായി ദൈവം ചിന്തിച്ചു. മെച്ചമായ ഒരു ജീവിതവഴി ദൈവം അവർക്കു കാണിച്ചു കൊടുത്തു. അവരുടെ പുതിയ സാമൂഹ്യ ജീവിതക്രമത്തിനു അത്യുത്തമമായ നിയമങ്ങളും ദൈവം നൽകി. ഈ നടപടികളൊക്കെ പ്രായോഗികവും ഉപദേശപരവുമായ ഒരു സാധന പാഠമായാണ് നൽകപ്പെട്ടത്.

മരുഭൂമിയിലെ അവരുടെ പ്രയാണം 40 വർഷങ്ങൾ നീണ്ടുപോയി. ഈ ജീവിതകാലം, ദൈവ കരുതലിന്റെയും പരിശീലിക്കപ്പെട്ട നിസ്വാർത്ഥത യുടെയും ദൃശ്യസാക്ഷ്യം ഇസ്രായേല്യ സമൂഹത്തിന്റെ സംസ്കാരത്തിന്റെ ഒരു ഭാഗം ആയിത്തീർന്നിരിക്കണം. ഓരോ പ്രഭാതത്തിലും ഇസ്രായേല്യപാള യത്തിന്റെ ചുറ്റിലും പ്രത്യക്ഷപ്പെട്ട ഒരു ഭക്ഷണം. അതു മന്നയുടെ രൂപത്തി ലാണു വന്നത്.

**പുറപ്പാടു 16:16–18 വായിക്കുക. ഓരോവ്യക്തിക്കും കൃത്യമായ അളവു എടുത്തു പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കാം?**

2 കൊരിന്ത്യർ 8:10–15 വാക്യങ്ങളിൽ പൗലൊസ്, എങ്ങനെയാണു ക്രിസ്ത്യാനികൾ കൊടുക്കേണ്ടതു എന്നതിനു ഒരു മാതൃകയായി ഈ കഥയെ എടുത്തു പറയുന്നു: സമത്വം ഉണ്ടാവാൻതക്കവണ്ണം അവരുടെ സുഭിക്ഷം നിങ്ങളുടെ ദുർഭിക്ഷത്തിനു ഉതകേണ്ടതിനു ഇക്കാലം നിങ്ങൾക്കുള്ള സുഭിക്ഷം അവരുടെ ദുർഭിക്ഷത്തിനു ഉതകട്ടെ (വാ. 14).

ദൈവം തന്റെ ജനത്തിനും തന്റെ സൃഷ്ടിക്കും വേണ്ടി മതിയാ വോളം കരുതിയിട്ടുണ്ടു എന്നതാണു യിസ്രായേല്യർക്കും നമുക്കും വേണ്ടി യുള്ള പാഠം. നമുക്കു വേണ്ടത്രമാത്രം നാം എടുക്കുകയും നമുക്കു അധിക മുള്ളതു മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ഒരുങ്ങുകയും ചെയ്താൽ എല്ലാ വരും സംരക്ഷിക്കപ്പെടുകയും എല്ലാവർക്കും നൽകപ്പെടുകയും ചെയ്യും. ദിവ സത്തിനുവേണ്ടുന്നതുമാത്രം എടുക്കുന്നതിനു, അധികം നാളെ കിട്ടുമെന്നു വിശ്വസിക്കേണ്ടതിന്റെ ആവശ്യം ഉണ്ടായിരുന്നു. ഇസ്രായേല്യ അടിമകളെപ്പോലെ പീഡിത ജനം തങ്ങളുടെ മാത്രം നിലനില്പിൽ ശ്രദ്ധിക്കുവാനുള്ള പ്രവണത ഉണ്ടായിരുന്നു. ദൈവം ആകട്ടെ, ആശ്രയത്വത്തിന്റെയും ഉദാരതയുടെയും പങ്കിടുന്നതിന്റെയും ഒരു ജീവിതപാഠം അവർക്കു കാണിച്ചു കൊടുക്കുവാൻ ആഗ്രഹിച്ചു.

ഈ പദ്ധതിക്കു മറ്റൊരു ശ്രദ്ധേയമായ മാനം കൂടി ഉണ്ടായിരുന്നു. വെള്ളി യാഴ്ചതോറും ഇരട്ടിമന്ന നിലത്തുകാണപ്പെട്ടു. ആ ദിവസം – ആ ദിവസം മാത്രം – ജനം ശബ്ബത്തിനായി ഒരുക്കുവാൻ വേണ്ടി ഇരട്ടിശേഖരിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളൂ; ശബ്ബത്തിനായുള്ള പ്രത്യേക കരുതൽ, തങ്ങ ളുടെ സകല ആവശ്യങ്ങൾക്കും വേണ്ടി ദൈവത്തിൽ ആശ്രയിക്കുന്നതിനു ഒരു അധികപാഠം ആയി. മന്നയുടെ ഈ അധിക പങ്കു, ദൈവത്തിന്റെ

ഭാഗത്തു കൃപയുടെ ഒരു ക്രിയ, ഏഴാം ദിന ശബ്ബത്തിൽ ദൈവം അവർക്കു വാഗ്ദാനം ചെയ്ത വിശ്രമം പൂർണ്ണമായി ആസ്വദിക്കുന്നതിനു അവർക്കു അവസരം നൽകി.

**ദൈവം ശബ്ബത്തിൽ നമുക്കു വാഗ്ദാനം നൽകുന്ന കാര്യങ്ങളെ മെച്ച മായി ആസ്വദിക്കുവാൻ, വെള്ളിയാഴ്ചകളിൽ എന്തുചെയ്യാൻ നമുക്കു കഴിയും?**

**തിങ്കൾ** **ജൂലൈ 15**

## ശബ്ബത്തിനു രണ്ടു കാരണങ്ങൾ

**പുറപ്പാട് 20:8-11, ആവർത്തനം 5:12-15 എന്നിവ വായിക്കുക. നാലാം കല്പനയുടെ ഈ രണ്ടു പതിപ്പുകൾ എങ്ങനെയാണു പരസ്പരം പൂരക ങ്ങൾ ആകുന്നത്?**

ദൈവം തന്റെ ജനങ്ങളുമായി പുനസ്ഥാപിക്കുവാൻ ആഗ്രഹിക്കുന്ന ബന്ധത്തിന്റെ ഒരു പ്രധാന ഭാഗമാണു "ഓർമ്മിക്കുക" എന്നത്. ദൈവം നമ്മുടെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനും ആകുന്നു എന്ന വസ്തുതയിൽ കേന്ദ്രീകരിച്ചുള്ള ഒരു ബന്ധം ആണത്. നാലാം കല്പനയുടെ ഈ രണ്ടു പതിപ്പുകളിലും ദൈവത്തിന്റെ രണ്ടു ധർമ്മങ്ങളും കാണപ്പെടുകയും ശബ്ബ ത്തിലും അതിന്റെ ആചരണത്തിലും അടുത്തു ബന്ധിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

വളരെയേറെ വ്യാജദേവന്മാരുടെ അധീനതയിൽ ആയിരുന്ന ദേശത്തു നിന്ന ഇസ്രായേല്യർക്കു യഥാർത്ഥ ദൈവം സ്രഷ്ടാവാണെന്നു ഓർമ്മിപ്പി ക്കപ്പെടേണ്ട അവശ്യം ഉണ്ടായിരുന്നു. അതു ചെയ്യുന്നതിനുള്ള നിർണ്ണായ കമായ ഒരു മാർഗ്ഗം ആയിരുന്നു ശബ്ബത്ത്. പ്രതിവാരക്രമത്തിൽ വെള്ളിയാ ഴ്ചതോറും അധിക മന്ന നൽകിയ പശ്ചാത്തലത്തിൽ അതു കൂടുതൽ പ്രധാ നമാണ്. ദൈവത്തിന്റെ സൃഷ്ടി ശക്തിയുടെ ഒരു ശക്തമായ ദൃഷ്ടാന്തം ആണത്. നാലാം കല്പനയുടെ പുറപ്പാടു 20 പതിപ്പ് ദൈവം സ്രഷ്ടാവാ ണെന്നു അത്യന്തം വ്യക്തമായി വെളിപ്പെടുത്തുന്നു.

വ്യത്യസ്തമായ വിധത്തിൽ, അവരുടെ വിടുതൽ, വീണ്ടെടുപ്പു, രക്ഷ എന്നിവയാണു ആവർത്തനം 5 ലെ ശ്രദ്ധാകേന്ദ്രം.

ഇസ്രായേല്യർ പതിവായി ആവർത്തിച്ചു പറയേണ്ട ഒരു കഥ ആയിരുന്നു അത്. ഓരോ ശബ്ബത്തിലും വിശേഷിച്ചു ഈ കഥയുമായി ബന്ധിക്കപ്പെടു വാൻ അവർക്കു കഴിഞ്ഞിരുന്നു. അവരുടെ ആദ്യ കഥ യഥാർത്ഥവും ഈജി പ്തിലെ അടിമത്വത്തിൽ നിന്നുള്ള ഭൗതിക വിടുതലുമായ ഒന്നായിരുന്നു. ദൈവത്തെയും ദൈവിക രക്ഷയെയും സംബന്ധിച്ചു കൂടുതൽ അറിഞ്ഞ

പ്പോൾ ശബ്ബത്ത് അവർക്കു തങ്ങളുടെ ആത്മിക രക്ഷയുടെ പ്രതിവാര സാദൃശ്യവും ആഘോഷവും ആയിമാറി.

ശബ്ബത്തിനായുള്ള ഈ രണ്ടു ഉൾപ്രേരണകളും ദൈവവും തന്റെ ജനവും തമ്മിലുള്ള ബന്ധത്തെ പുനസ്ഥാപിക്കുന്നതു സംബന്ധിച്ചുള്ളതായിരുന്നു: "ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിനു ഞാൻ എന്റെ ശബ്ബത്തുകളെ അവർക്കു നൽകിയിരിക്കുന്നു" (യെഹെ. 20:12). നാം കണ്ടതുപോലെ, ഇതു ഒരിക്കലും ഇങ്ങനെ ഒരു കൂട്ടം ആളുകളെക്കുറിച്ചു മാത്രം ഉള്ളതായിരുന്നില്ല. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ തരം സമൂഹത്തെ അവർ സ്ഥാപിക്കണമായിരുന്നു. അതു പുറമേ ഉള്ളവർക്കു ദയയോടു കൂടി വിശാലമായ ലോകത്തിനു അനുഗ്രഹം ആകണമായിരുന്നു.

"അതുകൊണ്ടു ശബ്ബത്തു നാൾ ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു" (ആവ. 5:15). നമ്മുടെ സൃഷ്ടിപ്പിനെയും വീണ്ടെടുപ്പിനെയും ഓർമ്മിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നവിധം ശബ്ബത്ത് ആചരിക്കുന്നതിലൂടെ നമ്മുടെ ബന്ധത്തിൽ വളർന്നുകൊണ്ടേയിരിക്കുവാൻ നമുക്കു കഴിയും; നമ്മുടെ കർത്താവിനോടു മാത്രമല്ല, നമ്മുടെ ചുറ്റിലും ഉള്ളവരോടുള്ള ബന്ധത്തിലും അതുണ്ടാകും ദൈവം നമ്മോടു കൃപയുള്ളവനാണു; അതുകൊണ്ടു നാമും മറ്റുള്ളവരോടു കൃപയുള്ളവർ ആകണം.

**ശബ്ബത്ത് ആചരണം ഏതെല്ലാം വിധങ്ങളിൽ നമ്മെ കൂടുതൽ ദയയും കരുതലും അനുകമ്പയും ഉള്ളവർ ആക്കിത്തീർക്കുന്നു?**

**ചൊവ്വ** **ജൂലൈ 16**

## സമത്വത്തിന്റെ ഒരു ദിനം

പത്തു കല്പനകൾ വായിക്കുന്നതിൽ സ്പഷ്ടമായി കാണുന്ന ഒരു കാര്യമുണ്ട്. പുറപ്പാടു 20 ലെയും ആവർത്തനം 5 ലെയും നാലാം കല്പന വിവരണത്തിൽ ദൈർഘ്യം ഏറിയതാണ്. ചില പതിപ്പുകളിൽ ചില കല്പനകൾക്കു ചുരുക്കം വാക്കുകളേ ഉണ്ടാകൂ- രണ്ടോ മൂന്നോ. *(എബ്രായ ഭാഷയിൽ ചിലതിനു 2 വാക്കുകൾ മതി)*: ശബ്ബത്ത് നാളിനെ **ഓർക്കുക** എന്നതിൽ എന്തുകൊണ്ടു, എങ്ങനെ, ആരെ എന്നതിനൊക്കെ ഇടമുണ്ട്.

പുറപ്പാടു 20:8-11 വായിക്കുക. ദാസന്മാരെയും പരദേശികളെയും കുറിച്ചു മാത്രമല്ല, മൃഗങ്ങളെകുറിച്ചുപോലും കല്പന എന്താണു പറയുന്നത്? അതിന്റെ അർത്ഥം എന്താണ്?

ശബ്ബത്തുവിവരണത്തിൽ, മറ്റുള്ളവരിലെ ശ്രദ്ധാകേന്ദ്രീകരണമാണു പ്രത്യേകം എടുത്തു പറയേണ്ടത്. ഇത്തരം ഒരു കല്പന ലോക സംസ്കാരങ്ങളിൽ ആകമാനവും അതുല്യം ആണെന്നു സിഗ്വി. കെ. ടോൺസ്റ്റാദ് വാദിക്കുന്നു. ശബ്ബത്തുകല്പന, അദ്ദേഹം വിശദീകരിക്കുന്നു, "ഏറ്റവും താഴെ നിന്നു മുകളിലേക്കു, മുകളിൽനിന്നു താഴേക്കു നോക്കിയല്ല, സമൂഹത്തിലെ അത്യന്തം ദുർബ്ബലരും ഏറ്റവും അരക്ഷിതരും ആയവർക്കാണു മുൻഗണന നൽകുന്നത്. വിശ്രമം ഏറ്റവും ആവശ്യമായ അടിമ, പരദേശി, ഭാരം വഹിക്കുന്ന മൃഗങ്ങൾ എന്നിവയൊക്കെ പ്രത്യേകം എടുത്തു പറയപ്പെട്ടിരിക്കുന്നു. ഏഴാം നാളിലെ വിശ്രമത്തിൽ നിർഭാഗ്യരും, നിശ്ശബ്ദരായ മൃഗങ്ങൾപോലും ഒരു സഖ്യ ബന്ധം കണ്ടെത്തുന്നു"– The Lost Meaning of the Seventh Day (Michigan: Andrews University press, 2009), PP. 126, 127.

ശബ്ബത്ത് എന്നാൽ സകലരും ആസ്വദിക്കേണ്ട ഒരു ദിവസം ആയിരിക്കണം എന്നു നിർബ്ബന്ധം ആക്കിക്കൊണ്ടു നാലാം കല്പന അതിന്മേൽ ഒരു പ്രത്യേക ശ്രദ്ധ നൽകുന്നു. ശബ്ബത്തിന്റെ വെളിച്ചത്തിൽ നാം എല്ലാവരും തുല്യരാണ്. നിങ്ങൾ ഒരു തൊഴിൽ ദാതാവാണെങ്കിലും നിങ്ങളുടെ ജോലിക്കാരെക്കൊണ്ടു ശബ്ബത്തിൽ വേല ചെയ്യിക്കുവാൻ നിങ്ങൾക്കു യാതൊരു അധികാരവുമില്ല. ദൈവം അവർക്കും കൂടി ഒരു വിശ്രമ ദിവസം നൽകിയിരിക്കുന്നു എന്നതാണ് അതിന്റെ കാരണം. നിങ്ങൾ ഒരു തൊഴിലാളി ആണെങ്കിൽ അല്ലെങ്കിൽ ഒരു അടിമ ആയിക്കൊള്ളട്ടെ മറ്റു ദിവസങ്ങളെ അപേക്ഷിച്ചു, നിങ്ങളും മറ്റുള്ളവർക്കൊപ്പം തുല്യമായി സൃഷ്ടിക്കപ്പെടുകയും വിടുവിക്കപ്പെടുകയും ചെയ്തു; അതിനാൽ നിങ്ങൾ നിങ്ങളുടെ സാധാരണ കർത്തവ്യങ്ങളെ അപേക്ഷിച്ചു ഇതിനെ ആഘോഷം ആക്കുവാൻ ദൈവം നിങ്ങളെ ക്ഷണിക്കുന്നു. ശബ്ബത്ത് ആചരിക്കുന്ന ജനത്തിനു പുറമേയുള്ളവരും - നിങ്ങളുടെ പട്ടണങ്ങളിൽ വസിക്കുന്ന പരദേശിയും (പുറ. 20:10) - ശബ്ബത്തിന്റെ പ്രയോജനം അനുഭവിക്കണം.

ഈ ആശയം, അവരുടെ തന്നെ അടിമത്വത്തിന്റെയും അവഗണനകളുടെയും അനുഭവങ്ങളിൽനിന്നു യിസ്രായേല്യരുടെ കാഴ്ചപ്പാടിൽ എടുത്തു പറയത്തക്ക മാറ്റം ഉണ്ടാക്കിയിരിക്കും. അപ്പോൾ അവർ ഒരു പുതിയ ദേശത്തു ഉറപ്പിക്കപ്പെടെണമായിരുന്നു; എന്നാൽ അവർ തങ്ങളുടെ മുൻകാല പീഡകരുടെ ശീലങ്ങൾ സ്വീകരിക്കുവാൻ ദൈവം അനുവദിച്ചില്ല. അവരുടെ സമൂഹത്തിനു വളരെ വിശദമായ നിയമങ്ങൾ നൽകിയതോടൊപ്പം, ദൈവം അവർക്കു (മാത്രമല്ല നമുക്കും), ദൈവമുമ്പാകെ നാം എല്ലാവരും തികച്ചും തുല്യരാണെന്നു ശക്തമായവിധം ഓർക്കുവാൻ ഒരു പ്രതിവാര ഓർമ്മസ്തംഭം നൽകിയിരിക്കുന്നു.

**നിങ്ങളുടെ സമൂഹത്തിൽ ശബ്ബത്തിനെ നിങ്ങൾക്കു എങ്ങനെ പങ്കുവയ്ക്കുവാൻ കഴിയും? നിങ്ങളുടെ ശബ്ബത്താചരണം മറ്റുള്ളവർക്കു എങ്ങനെ പ്രയോജനപ്പെടും?**

# സൗഖ്യത്തിന്റെ ഒരു ദിവസം

ശബ്ബത്തും ശബ്ബത്താചരണവും സംബന്ധിച്ച ദർശനത്തിന്റെ ആദ്യരൂപം വിശാലവും സകലതും ഉൾപ്പെട്ടതും ആയിരിക്കുമ്പോൾ തന്നെ, യേശു ഭൂമിയിൽ വന്ന കാലത്തെ പല മതനേതാക്കന്മാർക്കും ശബ്ബത്ത് വളരെ വ്യത്യസ്തമായി മാറിയിരുന്നു. സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ഒരു ദിവസം ആയിരിക്കുന്നതിനുപകരം, ശബ്ബത്ത് മാനുഷിക പാരമ്പര്യത്തിന്റെയും നിയന്ത്രണങ്ങളുടെയും ദിവസം ആയിത്തീർന്നു. അത്തരം മനോഭാവങ്ങൾക്കു പ്രത്യേകിച്ചു അവയെ മറ്റുള്ളവരുടെമേൽ അടിച്ചേല്പ്പിക്കുന്നതിനു എതിരായി യേശു തന്റെ കാലത്തു നിലകൊണ്ടു.

യേശു വളരെയേറെ രോഗികളെ ശബ്ബത്തിൽ സൗഖ്യമാക്കുന്നതിലൂടെ വളരെ അർത്ഥവത്തായി ഇതു ചെയ്തു എന്നതു എത്ര രസാവഹമാണ്. യേശു ഉദ്ദേശപൂർവ്വമാണു ശബ്ബത്തിൽ ഈ രോഗസൗഖ്യം നിർവ്വഹിച്ചത്. മറ്റു ദിവസങ്ങളിൽനിന്നു വ്യത്യസ്തമായി ശബ്ബത്ത് എന്തായിരിക്കണം എന്ന പ്രധാന സംഗതി വെളിപ്പെടുത്താനാണു അങ്ങനെ ചെയ്തത്. യേശു ഈ സൗഖ്യകഥകളിൽ പലപ്പോഴും ശബ്ബത്തിൽ സൗഖ്യമാക്കുന്നതിന്റെ ഔചിത്യം ഊന്നിപ്പറഞ്ഞിരുന്നു. യേശുവിനെ കൊല്ലുന്നതിനുള്ള ഗൂഢാലോചനയെ സാധൂകരിക്കുവാൻ പരീശന്മാർ പലപ്പോഴും യേശുവിന്റെ പ്രസ്താവനകളെ ഉപയോഗിക്കുകയും ചെയ്തു.

**യേശുവിന്റെ ശബ്ബത്തിലെ രോഗസൗഖ്യകഥകളെ ഈ വേദഭാഗങ്ങളിൽ വായിക്കുക. മത്താ. 12:9–13; മർക്കൊ. 1:21–26; 3:1–6; യോഹ. 1:1–16. ഈ കഥകളിൽ എന്തൊക്കെ സുപ്രധാന വസ്തുതകളാണു നിങ്ങൾ കണ്ടെത്തുന്നത്?**

യേശു ശബ്ബത്ത് പ്രധാനം ആണെന്നു ഉറപ്പിച്ചു പറഞ്ഞു? ദൈവവുമായുള്ള നമ്മുടെയും നമ്മുടെ കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും ബന്ധത്തെ വളർത്തുന്നതിനായി ഈ പ്രതിവാര സമയത്തെ അനുവദിക്കുന്നതിനും അതിനെ സവിശേഷമായി സൂക്ഷിക്കുന്നതിനും ശബ്ബത്ത് സമയത്തിനു ചുറ്റും നാം അതിർത്തികൾ ഇടണം. എന്നാൽ ശബ്ബത്ത് ആചരണം കേവലം നമ്മെ സംബന്ധിക്കുന്നതു മാത്രം ആകരുത്. യേശു പറഞ്ഞു: “ശബ്ബത്തിൽ നന്മചെയ്യുന്നതു വിഹിതം തന്നേ” (മത്താ. 12:12).

പല സഭാംഗങ്ങളും മറ്റുള്ളവരുടെ ഗുണത്തിനായി ധാരാളം നല്ല പ്രവൃത്തികൾ ചെയ്യാറുണ്ട്. എന്നാൽ മറ്റുള്ളവരെ സഹായിക്കുന്നതിനു അധികം ചെയ്യണമെന്നു പലരും ചിന്തിക്കുന്നു. ദുഃഖിതരെയും പീഡിതരെയും അവ

ഗണിക്കപ്പെട്ടവരെയും ദൈവം കരുതുന്നുണ്ട്. നമ്മളും കരുതണമെന്നു നാം അറിയുന്നു. നമ്മുടെ പതിവുജോലികൾ ചെയ്യരുതെന്നു കല്പന ഉള്ളതി നാലും ആഴ്ചയുടെ സമ്മർദ്ദം ഇല്ലാത്തതിനാലും, യഥാർത്ഥ ശബ്ബത്താചരണ മാർഗ്ഗമായും സജീവ ശബ്ബത്താചരണമെന്ന നിലയിലും മറ്റുള്ളവരുടെ പരി ചരണ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ ശബ്ബത്തിൽ നമുക്കു സമയം നൽക പ്പെട്ടിരിക്കുന്നു. "നാലാം കല്പനപ്രകാരം ശബ്ബത്ത് വിശ്രമത്തിനും ആത്മിക ആരാധനയ്ക്കുമായി പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ഭൗമികമായ എല്ലാ ജോലി കാര്യങ്ങളും നിർത്തിവയ്ക്കണമായിരുന്നു. എന്നാൽ, കാരുണ്യപ്രവൃത്തി കളും നന്മ പ്രവൃത്തികളും ദൈവത്തിന്റെ ഉദ്ദേശപ്രകാരം ഉള്ളവ ആയി രുന്നു... പീഡിതരെ വിടുവിക്കുന്നതും ദുഖിതരെ ആശ്വസിപ്പിക്കുന്നതും ദൈവ ത്തിന്റെ വിശുദ്ധദിവസത്തെ ആദരിക്കുന്ന സ്നേഹത്തിന്റെ അദ്ധ്വാനമാണ്" Ellen G. white, Welfare Ministry, P. 77.

**ശബ്ബത്തിൽ മറ്റുള്ളവരുടെ നന്മയ്ക്കായി നിങ്ങൾ എന്തൊക്കെ ചെയ്യുന്നു?**

**വ്യാഴം** **ജൂലൈ 18**

# ദേശത്തിനു ശബ്ബത്ത് വിശ്രമം

നമ്മൾ കണ്ടതുപോലെ ഇസ്രായേൽ രാഷ്ട്രത്തിന്റെ ജീവിതചക്ര ത്തിൽ ഉള്ളടക്കം ചെയ്യപ്പെട്ട ഒരു ഭാഗം ആയിരുന്നു ശബ്ബത്ത്. ശബ്ബത്തിന്റെ തത്വം പക്ഷേ, ആഴ്ചയിലെ കേവലം ഒരു ദിവസം മാത്രം ആയിരുന്നില്ല. ഏഴാം വർഷത്തിലെ ഒരു പ്രത്യേക വിശ്രമവും അതിൽ ഉൾപ്പെട്ടിരുന്നു. അപ്രകാരമുള്ള ഏഴു ശബ്ബത്താണ്ടുകൾ കഴിഞ്ഞുള്ള യോബേൽ സംവത്സ രത്തിൽ അതു കലാശിക്കുന്നു. അർത്ഥം 50-ാം വർഷം.

ലേവ്യ. 25:1-7 വായിക്കുക. ഇത്തരം നിർദ്ദേശങ്ങളിൽ എടുത്തു പറയ പ്പെടേണ്ടതു എന്താണ്? നിങ്ങളുടെ ജീവിതത്തിലും ജോലിയിലും ഇത്തരം ഒരു തത്വത്തെ സാദ്ധ്യമായ ഏതെല്ലാം വിധങ്ങളിൽ കൂട്ടിച്ചേർക്കുവാൻ കഴിയും?

ശബ്ബത്താണ്ടിൽ കൃഷിഭൂമി തരിശ്ശായി കിടക്കുവാൻ അനുവദിച്ചിരുന്നു. നിലത്തിന്റെ ഉപയോഗത്തിലെ ശ്രദ്ധേയമായ ഒരു കാര്യം ആയിരുന്നു ഇതു. കാർഷിക വൃത്തിയിലെ ഒരു വിവേകമായി ഈ ആചാരത്തെ വ്യാപകമായി തിരിച്ചറിഞ്ഞിരുന്നു.

ഏഴാം വർഷം അടിമകളുടെ കാര്യത്തിലും ശ്രദ്ധേയം ആയിരുന്നു (പുറ. 21:1-11) വായിക്കുക). ഇസ്രായേല്യരിൽ ആരെങ്കിലും സ്വയം അടിമകളായി

വിൽക്കത്തക്കവണ്ണം കടക്കാരായി തീർന്നിരുന്നെങ്കിൽ, അവർ ഏഴാം വർഷം വിടുവിക്കപ്പെടണമായിരുന്നു. അതുപോലെ കൊടുത്തു തീർക്കപ്പെട്ടിട്ടില്ലാ യിരുന്ന കടങ്ങൾ ഏഴാം വർഷത്തിന്റെ അവസാനം ഇളവു ചെയ്യപ്പെടുകയും വേണമായിരുന്നു (ആവ. 15:1–11).

ദൈവം മരുഭൂമിയിൽ മന്നാ കൊടുത്തതുപോലെ തന്നെ, വിതയ് ക്കാതിരിക്കുന്ന ഒരു കാലയളവിൽ മുൻവർഷം ദൈവം നൽകുന്ന അധിക വിളവുകൊണ്ടും ശബ്ബത്താണ്ടിൽ തനിയെ വിളയുന്നതുകൊണ്ടും ദൈവം കരുതുമെന്ന വിശ്വാസത്തിന്റെ ഒരു നടപടി ആയിരുന്നു അത്. അതുപോലെ അടിമകളെ മോചിപ്പിക്കുന്നതും വായ്പകൾ ഇളവു ചെയ്യുന്നതും കരുണ യുടെ പ്രവൃത്തികൾ ആയിരുന്നു. നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി ദൈവം കരുതുമെന്ന ദൈവശക്തിയിലെ ആശ്രയത്തിന്റെ ഒരു പ്രവൃത്തിയും കൂടി യായിരുന്നു അത്. തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ജനം മറ്റുള്ളവരെ പീഡിപ്പിക്കേണ്ടതില്ല. എന്ന ആശയവും പഠിക്കുവാൻ ഉണ്ടായിരുന്നു.

ശബ്ബത്തിന്റെ തത്വങ്ങളും ആദർശങ്ങളും യിസ്രായേല്യ സമൂഹത്തിന്റെ ആകമാന ഘടനയോടും അടുത്തു ബന്ധിക്കപ്പെട്ടിരുന്നു. അതുപോലെ ഇക്കാ ലത്തെ ശബ്ബത്താചരണം മറ്റു ദിവസങ്ങളെ രൂപാന്തരപ്പെടുത്തുന്ന ആത്മിക ചിട്ടയായിത്തീരണം. ഒരു പ്രായോഗിക അർത്ഥത്തിൽ, 'മുമ്പേ അവന്റെ രാജ്യം... അന്വേഷിക്കുക എന്ന യേശുവിന്റെ ഉപദേശപ്രകാരം ജീവിക്കുന്ന തിന്റെ ഒരു വിധം ആണു ശബ്ബത്ത്: "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെ നിങ്ങൾക്കു ആവശ്യമെന്നു അറിയുന്നുവല്ലോ (വായിക്കുക, മത്താ. 6:31–32).

**ശബ്ബത്താചരണം നിങ്ങളുടെ മറ്റു ആറു ദിവസങ്ങളുടെ കാര്യത്തിൽ എന്തു വ്യത്യാസം ഉളവാക്കണം? എല്ലാറ്റിനുമുപരി, ഞായറാഴ്ച മുതൽ വെള്ളിയാഴ്ച വരെ നിങ്ങൾ ധനമോഹികളും, സ്വാർത്ഥരും, അന്യരെ കരുതാത്തവരും ആയിരുന്നിട്ടു ശബ്ബത്തിൽ നിങ്ങൾ ഇതൊന്നും അല്ലാ തിരിക്കുന്നതിൽ എന്താണു കാര്യം?** (അല്ലെങ്കിൽ, മറ്റു ദിവസങ്ങളിലെല്ലാം നിങ്ങൾ അങ്ങനെ **ആയിരുന്നിട്ടു** ശബ്ബത്തിൽ അങ്ങനെ **അല്ലാതിരിക്കുവാൻ** കഴിയുമോ?

**വെള്ളി** **ജൂലൈ 19**

**കൂടുതൽ പഠനം:** Ellen G. white,ന്റെ Patriarchs and Prophets PP. 295–297; Sabbath in 'The Desire of Ages,' pp. 281-289; Sigve K. Tonstad ന്റെ 'The Social Conscience of the Seventh Day inthe lost meaning of the Seventh day' PP. 125–143 എന്നിവ വായിക്കുക.

യേശു അവരോടു, പീഡിതരെ വിടുവിക്കുന്ന പ്രവൃത്തി ശബ്ബത്തു നിയ മത്തിനു യോജിച്ചതാണെന്നു പറഞ്ഞിരുന്നു. ദൈവത്തിന്റെ മാലാഖമാരുടെ

വേലയോടും യോജിച്ചതാണത്. കഷ്ടം അനുഭവിക്കുന്ന മനുഷ്യരുടെ ശുശ്രൂഷയ്ക്കായി അവർ എപ്പോഴും ഭൂമിക്കും സ്വർഗ്ഗത്തിനും ഇടയിൽ ഇറങ്ങുകയും കയറുകയും ചെയ്തുകൊണ്ടിരിക്കുന്നു.

"മനുഷ്യനും ഈ ദിവസത്തിൽ നിർവ്വഹിക്കുവാൻ ഒരു പ്രവൃത്തിയുണ്ട്. ജീവിതത്തിന്റെ അത്യാവശ്യങ്ങൾ ശ്രദ്ധിക്കപ്പെടണം, രോഗികൾക്കു പരിചരണം വേണം, ഇല്ലായ്മക്കാർക്കു വേണ്ടതു ലഭ്യമാക്കണം. ശബ്ബത്തിൽ കഷ്ടങ്ങൾക്കു ശമനം വരുത്താൻ നിരസിക്കുന്നവൻ കുറ്റക്കരാൻ ആകാതിരിക്കില്ല. ദൈവത്തിന്റെ വിശുദ്ധമായ വിശ്രമ ദിവസം മനുഷ്യനുവേണ്ടി ഉളവാക്കപ്പെട്ടതാണ്. അതിനാൽ കരുണയുടെ ക്രിയകൾ അതിന്റെ ഉദ്ദേശ്യത്തിനു തികച്ചും യോജിച്ചതാണ്. ശബ്ബത്തിലായാലും മറ്റേതു ദിവസത്തിലായാലും മാറ്റുവാൻ കഴിയുന്ന വേദന ഒരു മണിക്കൂർപോലും സഹിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. The Desire of Ages,' pp. 206-207.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. നിങ്ങളുടെ ശബ്ബത്ത് അനുഭവത്തെ ഏതെല്ലാം വിധങ്ങളിൽ നിങ്ങളുടെ ദൈവാശ്രയത്തിന്റെ വെളിപ്പെടുത്തലായി നിങ്ങൾ കാണുന്നു? ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയത്തിനു മറുപടി എന്നവിധം ദൈവം നിങ്ങൾക്കു നൽകി എന്നപോലെ മന്നാ അനുഭവം നിങ്ങൾക്കു ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ ക്ലാസ്സിൽ പങ്കുവയ്ക്കുക; നിങ്ങൾ എന്താണു അതിൽനിന്നു പഠിച്ചതെന്നു പറയുക.
2. പുറപ്പാട് 20:8–11, ആവർത്തനം 5:12–15 ഭാഗങ്ങളിൽ നാലാം കല്പനയിൽ ദൈവം ശബ്ബത്തിനെ സംബന്ധിച്ചു പലകാര്യങ്ങൾ ഊന്നിപ്പറയുന്നു. ശബ്ബത്തിന്റെ ഏതു കാര്യമാണു നിങ്ങൾ ഏറ്റവും അധികം ഇഷ്ടപ്പെടുന്നത്?
3. ക്ലാസ്സിലോ തനിച്ചോ, ശബ്ബത്തിന്റെ അനുഗ്രഹങ്ങളും പ്രയോജനങ്ങളും നിങ്ങളുടെ സമൂഹത്തിൽ പങ്കുവയ്ക്കുന്നതിനുള്ള ചില മാർഗ്ഗങ്ങൾ ചിന്തിച്ചുകണ്ടെത്തുക.
4. ശബ്ബത്ത് നിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയതു ഏതെല്ലാം വിധങ്ങളിൽ ആയിരുന്നു? നിങ്ങളുടെ ജീവിതത്തിന്റെ മറ്റേതെങ്കിലും ഭാഗങ്ങളിൽ ശബ്ബത്ത് തത്വങ്ങളും മാതൃകയും കൂടുതൽ സ്വാധീനം ഉണ്ടാക്കേണ്ടതായുണ്ടോ?

**സംഗ്രഹം:** ദൈവം സൃഷ്ടിപ്പിനെയും വീണ്ടെടിപ്പിനെയും ഓർമ്മിക്കത്തക്കവിധം ശബ്ബത്തിനെ നൽകിയിരിക്കുന്നു. അതിനു വേറെ അനേകം പ്രായോഗിക പ്രയോജനങ്ങളുമുണ്ട്. ദൈവം നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ കരുതലിൽ വിശ്വസിക്കുവാൻ അതു പഠിപ്പിക്കുന്നു. സമത്വം പാലിക്കുവാൻ അതു പഠിപ്പിക്കുന്നു. നമ്മുടെ എല്ലാ ബന്ധങ്ങളെയും രൂപാന്തരപ്പെടുത്തുവാൻ തക്കതായ ഒരു ആത്മീയ ചിട്ടവട്ടംകൂടി ആണത്. യേശു രോഗികളെ സൗഖ്യമാക്കിയും, ഇല്ലായ്മക്കാരുടെ പ്രയോജനത്തിനായുള്ള ഒരു ദിവസമായി ശബ്ബത്തിനെ ഊന്നിപ്പറഞ്ഞും കൊണ്ടു, ശബ്ബത്തിനായുള്ള തന്റെ ആദർശം പ്രകടമാക്കി.

***